**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2107** **06-07-2022 - ൽ മറുപടിയ്ക്ക്**

**ചേലേമ്പ്ര ആയുർവേദ ആശുപത്രി അപ്ഗ്രഡേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലേമ്പ്ര ഗ്രാമ പഞ്ചായത്ത് സർക്കാർ ആയുർവേദ ആശുപത്രിയെ 30 ബെഡാക്കി ഉയർത്തുന്നതിന് വേണ്ടി സമർപ്പിച്ച നിവേദനത്തിൽ മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രിയെ മുപ്പത് കിടക്കകളായുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി സമർപ്പിച്ച നിവേദനം പരിശോധിക്കുകയുണ്ടായി. മുപ്പത് കിടക്കകളോടു കൂടിയ ബ്ലോക്ക്തല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളതാകുന്നു. സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. ഡയറക്ടേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ എല്ലാ തരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായ ചേലേമ്പ്ര ആയുർവേദ ആശുപത്രിയിൽ 30 കിടക്ക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രിയെ മുപ്പത് കിടക്കകളായുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി സമർപ്പിച്ച നിവേദനം പരിശോധിക്കുകയുണ്ടായി. മുപ്പത് കിടക്കകളോടു കൂടിയ ബ്ലോക്ക്തല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളതാകുന്നു. സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. ഡയറക്ടേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ആയുഷ് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ? | (സി) | മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് മണ്ഡലത്തിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രിയെ മുപ്പത് കിടക്കകളായുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നതിനായി സമർപ്പിച്ച നിവേദനം പരിശോധിക്കുകയുണ്ടായി. മുപ്പത് കിടക്കകളോടു കൂടിയ ബ്ലോക്ക്തല ആശുപത്രിയാക്കുന്നതിന് ഭാരതീയ ചികിത്സാ വകുപ്പ് തയ്യാറാക്കിയിട്ടുള്ള സംസ്ഥാനതല പ്രയോറിറ്റി ലിസ്റ്റിൽ ചേലമ്പ്ര സർക്കാർ ആയുർവേദ ആശുപത്രി ഉൾപ്പെട്ടിട്ടുള്ളതാകുന്നു. സ്ഥാപനങ്ങളുടെ അപ്ഗ്രേഡേഷൻ സംബന്ധിച്ച് സർക്കാർ തീരുമാനമെടുക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതാണ്. ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

File No.DISM/1953/2021-B2

ഭാരതീയ ചികിത്സാവകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
ആരോഗ്യ ഭവൻ, പി.ബി.നമ്പർ.182,
തിരുവനന്തപുരം - 695 001,
Fax / Ph: 0471 2322620
e-mail:directorism@yahoo.com
തീയതി : 18/03/2022

ഡയറക്ടർ,
ഭാരതീയ ചികിത്സാവകുപ്പ്,
തിരുവനന്തപുരം.

പ്രിൻസിപ്പൽ സെക്രട്ടറി,
ആയുഷ് വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.
സർ,

വിഷയം : ഭാരതീയ ചികിത്സാ വകുപ്പ് - മലപ്പുറം ജില്ലയിലെ ചേലേമ്പ്ര, വെളിമുക്ക് എന്നീ സർക്കാർ ആയുർവ്വേദ ആശുപത്രികളിൽ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന : (1) സർക്കാറിന്റെ 22.11.2021-ലെ എ 1-430/2021/ആയുഷ് നമ്പർ കത്ത്
(2) സർക്കാറിന്റെ 18.02.2022-ലെ എ 1-47/2022/ആയുഷ് നമ്പർ കത്ത്

സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. മേൽ സൂചനകൾ പ്രകാരം ലഭ്യമായ നിവേദനത്തിന്മേലുള്ള റിപ്പോർട്ട് ചുവടെ ചേർത്തുകൊള്ളുന്നു.

മലപ്പുറം ജില്ലയിലെ ചേലമ്പ്ര വെളിമുക്ക് എന്നീ സർക്കാർ ആയുർവ്വേദ ആശുപത്രികൾ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണമെന്നാണ് നിവേദനത്തിലെ ആവശ്യം ചേലേമ്പ്ര സർക്കാർ ആയുർവ്വേദ ആശുപത്രി 10 കിടക്കകളുള്ള ആശുപത്രിയായും, വെളിമുക്ക് സർക്കാർ ആയുർവ്വേദ ആശുപത്രി 20 കിടക്കകളുള്ള ആശുപത്രിയായും നിലവിൽ പ്രവർത്തിച്ചുവരുന്നു. വകുപ്പിലെ ബ്ലോക്ക് /താലൂക്ക് തല ആശുപത്രിയായി ഉയർത്തുന്നതിനായുള്ള സംസ്ഥാനതല പ്രയോരിറ്റി ലിസ്റ്റ് 15.02.2022-ലെ ബി2-16792/2015 നമ്പർ കത്ത് പ്രകാരം സർക്കാറിലേക്ക് അയച്ചിട്ടുള്ളതാകുന്നു. ബ്ലോക്ക് തല പ്രയോരിറ്റി ലിസ്റ്റിൽ 10-ാം നമ്പറായി ചേലമ്പ്ര സർക്കാർ ആയുർവ്വേദ ആശുപത്രിയും, 11-ാം നമ്പറായി വെളിമുക്ക് സർക്കാർ ആയുർവ്വേദ ആശുപത്രിയും ഉൾപ്പെട്ടിട്ടുള്ളതാകുന്നു. ബ്ലോക്ക്തല പ്രയോരിറ്റി ലിസ്റ്റിലുള്ള ആദ്യത്തെ 9 സ്ഥാപനങ്ങൾ അപ്ഗ്രേഡ് ചെയ്യപ്പെട്ടിട്ടില്ലായെന്നുള്ള വിവരവും റിപ്പോർട്ട് ചെയ്യുകൊള്ളുന്നു. ബഹു. വള്ളിക്കുന്ന് MLA ശ്രീ. അബ്ദുൾഹമീദ്.പി അവർകളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചേലമ്പ്ര, വെളിമുക്ക് എന്നീ സ്ഥാപനങ്ങൾ 30 ബെഡ് ആശുപത്രിയായി ഉയർത്തുന്നത് ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിന് ഉചിതമായിരിക്കുമെന്നു ശുപാർശ ചെയ്യുകൊള്ളുന്നു.

വിശ്വാസപൂർവ്വം,

Signature valid

ഡയറക്ടർ
ഭാരതീയ ചികിത്സാ വകുപ്പ്

അനുബന്ധം

ഭാരതീയ ചികിത്സാവകുപ്പ്
ഡയറക്ടറുടെ കാര്യാലയം,
ആരോഗ്യ ഭവൻ, പി.ബി.നമ്പർ.182,
തിരുവനന്തപുരം - 695 001,
Fax / Ph: 0471 2322620
e-mail:directorism@yahoo.com
തീയതി : 18/06/2022

ഡയറക്ടർ,
ഭാരതീയ ചികിത്സാവകുപ്പ്,
തിരുവനന്തപുരം.

സെക്രട്ടറി,
ആയുഷ് വകുപ്പ്,
ഗവ. സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം

സർ,

വിഷയം : ഭാരതീയ ചികിത്സാ വകുപ്പ്-മലപ്പുറം ജില്ലയിലെ ചേലമ്പ്ര വെളിമുക്ക് എന്നീ സർക്കാർ ആയുർവേദ ആശുപത്രികൾ 30 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്നത്- സംബന്ധിച്ച്.

സൂചന : സർക്കാറിന്റെ 4.05.2022 ലെ എ1/430/2021- ആയുഷ് നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു .വെളിമുക്ക് സർക്കാർ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിന് വേണ്ടി വരുന്ന തസ്തികകൾ വകുപ്പിന്റെ പോസ്റ്റ് ക്രിയേഷൻ പാക്കേജിൽ ഉൾപ്പെട്ടിട്ടില്ല. 10 കിടക്കകളോടു കൂടിയ ചേലേമ്പ്ര സർക്കാർ ആയുർവേദ ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ രണ്ട് തസ്തികകൾ (മെഡിക്കൽ ഓഫീസർ-1 ,തെറാപ്പിസ്റ്റ്-1 ) വകുപ്പിന്റെ പോസ്റ്റ് ക്രിയേഷൻ പാക്കേജിൽ ഉൾപ്പെട്ടിരുന്നെങ്കിലും ആയതു അനുവദിച്ചു കിട്ടിയിട്ടില്ലാത്തവിവരം കൂടി അറിയിച്ചുകൊള്ളുന്നു

വിശ്വാസപൂർവം,

ഡയറക്ടർ
ഭാരതീയ ചികിത്സാ വകുപ്പ്

സെക്ഷൻ ഓഫീസർ